പരിശുദ്ധിയുടെ സംരക്ഷകർ

മാസ്റ്ററുടെ സാന്നിദ്ധ്യത്തിലും, പരിപാവനമായ ഇടങ്ങളിലും അവലംബിക്കേണ്ടതായ പെരുമാറ്റരീതികളെക്കുറിച്ച് ഹൃദയപൂർവ്വമായൊരു മാർഗ്ഗനിർദ്ദേശം

"ദൈവത്തിന്റെ സാമ്രാജ്യത്തിൽ ഒരു കടുവയെപ്പോലെയാവുക, പുരോഗതി ഉറപ്പാണ്"

– ബാബുജി

പരിശുദ്ധിയുടെ സംരക്ഷകർ

മാസ്റ്ററുടെ സാന്നിദ്ധ്യത്തിലും, പരിപാവനമായ ഇടങ്ങളിലും അവലംബിക്കേണ്ടതായ പെരുമാറ്റരീതികളെക്കുറിച്ച് ഹൃദയപൂർവ്വമായൊരു മാർഗ്ഗനിർദ്ദേശം

ആമുഖം

മറ്റേതൊരു സാധാരണ ഇടം പോലെയല്ല വിശുദ്ധമായ സ്ഥലങ്ങൾ (അന്തരീക്ഷം); ആത്മീയ പരിണാമങ്ങൾ സംഭവിക്കുന്ന, നിറയെ ദിവ്യോർജ്ജമുള്ള മണ്ഡലങ്ങളാണവ. ആത്മീയോർജ്ജം നിറവാർന്ന ഒരിടത്തേക്കാണ് നാം പ്രവേശിക്കുന്നത് എന്ന ഉത്തമ ബോദ്ധ്യം, ധ്യാനഹാൾ, ആരാധനാലയങ്ങൾ, മാസ്റ്ററുടെ സാന്നിദ്ധ്യം എന്നീ ഇടങ്ങളിൽ പ്രവേശിക്കുമ്പോൾ നമുക്കുണ്ടാവണം. നമ്മുടെ ചെയ്തികൾ നമ്മുടെ ആത്മീയാവസ്ഥയെ മാത്രമല്ല, ആ പാവനമായ അന്തരീക്ഷത്തിലെ അവസ്ഥയെത്തന്നെ ബാധിക്കുമെന്ന് ഓർക്കണം.

പ്രവേശിക്കുന്നതിനുമുൻപ്, തയ്യാറാവുക

1. ആന്തരികമായുള്ള തയ്യാറെടുപ്പ്

ഏതെങ്കിലുമൊരു വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്നതിനുമുൻപ് കുറച്ചുനിമിഷം ശാന്തമായിരിക്കുക. ഇളക്കമില്ലാത്ത വെള്ളത്തിൽ ചേറ് അടിഞ്ഞുകൂടുന്നതുപോലെ, നിങ്ങളുടെ മനസ്സ് ശാന്തമാവട്ടെ. എപ്പോഴും ദിവ്യ പ്രവൃത്തികൾ തുടർന്നുകൊണ്ടിരിക്കുന്നൊരിടത്തേക്കാണ് നിങ്ങൾ പ്രവേശിക്കാനുദ്ദേശിക്കുന്നത് എന്ന ബോധം ഉണ്ടായിരിക്കണം. ഹൃദയത്തിലൊരു പ്രാർത്ഥനയുണ്ടാവട്ടെ: "ഈ വിശുദ്ധ ഇടത്തിൽ ലഭ്യമാവുന്നത് സ്വീകരിക്കുവാൻ എന്നെ യോഗ്യനാക്കൂ. അങ്ങയുടെ പ്രവൃത്തിയ്ക്ക് തടസ്സമാവുന്നതെല്ലാം ദയവായി നീക്കം ചെയ്യൂ."

2. ശരീരശുദ്ധി

ആത്മാവിനെ സംബന്ധിച്ചിടത്തോളം ശരീരമെന്നതൊരു ക്ഷേത്രമാണ്. വലിയൊരു ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾ നിങ്ങൾ അതിനുതക്കവണ്ണം തയ്യാറായിരിക്കണം. കഴിയുമെങ്കിൽ കുളിക്കുക. സാധിക്കില്ലെങ്കിൽ കൈകാലുകൾ, മുഖം എന്നിവ ശുദ്ധീകരിച്ചുകൊണ്ട് ശരീരശുദ്ധി ഉറപ്പാക്കുക. വൃത്തിയുള്ള, ലാളിത്യമുള്ള, ഇളം നിറമുള്ള, അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുവാൻ ശ്രദ്ധിക്കുക. വസ്ത്രങ്ങൾ, ശ്രദ്ധ തിരിക്കുന്നവിധമുള്ളതോ വളരെ ഇറുകിയതോ ആകരുത്. ആത്മീയ പ്രവാഹത്തിന് തടസ്സം നേരിടുവാൻ ഇടയുള്ളതിനാലാണ് ഇക്കാര്യം ശ്രദ്ധിക്കേണ്ടത്. പടിവാതിൽക്കലെത്തുന്നതിനുമുൻപുതന്നെ ചെരിപ്പുകൾ അഴിച്ച് ഒതുക്കി വെയ്ക്കണം.

3. ആരോഗ്യ പ്രശ്നങ്ങൾ

ഫ്ലു, ജലദോഷം, പനി, ചുമ പോലെയുള്ള സാംക്രമിക രോഗങ്ങളുണ്ടെങ്കിൽ വിശുദ്ധമായ സ്ഥലത്തുനിന്ന് മാറിനിൽക്കുന്നതാണ് ഉചിതം. അങ്ങുമിങ്ങും അലയാതെ ഒരിടത്തിരിക്കണം. നിങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി വീട്ടിലിരിക്കുന്നത് നിങ്ങൾക്കുമാത്രമല്ല, മറ്റുള്ളവർക്കുംസംരക്ഷണമാവും. ഒരു ആത്മീയ കൂട്ടായ്മയിൽ, മറ്റുള്ളവർക്ക് അസുഖം പകരാനിടയുണ്ട് എന്നറിഞ്ഞിട്ടും ബോധപൂർവ്വം അപ്രകാരം ചെയ്യുന്നത് സ്നേഹത്തെക്കുറിച്ചുള്ള ധാരണക്കെതിരാവും. മാസ്റ്ററുടെ സാന്നിദ്ധ്യം എല്ലായിടത്തുമുണ്ടെന്നതിനാൽ അദ്ദേഹത്തിന്റെ കൃപാകടാക്ഷം വീട്ടിലിരുന്നാലും അനുഭവിക്കാനാവും. മറ്റുള്ളവരോടുള്ള ബഹുമാനം കണക്കിലെടുത്ത് നിങ്ങൾ മാറിനിൽക്കുന്നതുതന്നെ ഒരു ആത്മീയോപഹാരമായി കണക്കിലെടുക്കേണ്ടതാണ്.

4. മാനസിക വിശുദ്ധി

പഴയ ചെരുപ്പുപോലെ, നിങ്ങളുടെ ഭൗതിക ആശങ്കകൾ വാതിൽപ്പടിയിൽ വെയ്ക്കുക. ദുഷ്ചിന്തകൾ ഉയർന്നുവന്നുകൊണ്ടേയിരിക്കുകയാണെങ്കിൽ, അവയെ അദൃശ്യമായൊരു പെട്ടിയിൽ വെച്ച് വാതിലിനുപുറത്തു വെയ്ക്കുന്നതായി സങ്കൽപ്പിക്കുക. ആവശ്യമെങ്കിൽ (മാത്രം) അത് പിന്നീട് എടുക്കാമല്ലോ. ദൈവത്തിൽനിന്നുമുള്ള ഉപഹാരങ്ങൾ സ്വീകരിക്കുവാൻ തയ്യാറാവും വിധം, ശൂന്യമായ സ്ലേറ്റുപോലെയായിരിക്കണം മനസ്സ്.

പരിപാവനമായ പ്രവേശന കവാടം വരെയുള്ള യാത്ര

5. മാർഗം

പരിപാവനമായ ഇടം വരെ ഉറച്ച കാൽവെയ്പോടെ, സാവകാശം നടന്നടുക്കുക. ഓരോ കാലടിയെക്കുറിച്ചും നിങ്ങൾ ബോധവാനാവണം, അതിവേഗം നടക്കാൻ ശ്രമിക്കരുത്. നിങ്ങളതെങ്ങിനെ ചെയ്യുന്നുവെന്നത്, നിങ്ങളുടെ ആത്മീയ പരിശീലനത്തിന്റെ ഒരു ഭാഗമാണ്. കണ്ണുകൾ കുറച്ച് താഴ്ത്തുക; അപമാനഭാരം കൊണ്ടല്ല, വിനയത്താലും, സ്വയം വിശകലനം നടത്തുന്നതിനാലുമാണത്.

6. വാതിൽക്കൽ

വാതിൽക്കലെത്തുമ്പോൾ നിൽക്കുക. ലൗകീകവും പരിപാവനമായതുമായവയ്ക്കിടയിലുള്ള ഇടം അറിയുക. ആ ഇടത്തിനും മാസ്റ്റർക്കും ഉള്ളിൽനിന്നൊരു അഭിവന്ദനം നടത്തുക. നിങ്ങളുടെ വലതുകൈകൊണ്ട് ഹൃദയത്തെ സ്പർശിച്ച്, ഒരു മാറ്റം നിങ്ങളിലുണ്ടാവാൻ പോകുകയാണെന്ന കാര്യം നിങ്ങൾക്കറിയാമെന്നത് പ്രകടമാക്കുക.

7. ആദ്യപടി

വലതുകാൽവെച്ച് അകത്തുപ്രവേശിക്കുക. നിങ്ങളുടെ പ്രവേശനത്തിന്റെ ശുഭകരമായ പ്രകൃതത്തെയത് ദ്യോതിപ്പിക്കുന്നു. വാതിൽപ്പടി മറികടക്കുമ്പോൾ നിങ്ങൾ ഒരു ലോകത്തെ വിട്ട് മറ്റൊരു ലോകത്ത് പ്രവേശിക്കുകയാണെന്ന് നിങ്ങൾക്ക് തോന്നും: സ്ഥൂലമായ ലോകത്തുനിന്ന് സൂക്ഷ്മമായ ലോകത്തേക്ക്, അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക്.

വിശുദ്ധമായ ഇടത്തുള്ള നിങ്ങളുടെ പെരുമാറ്റം

8. അംഗവിന്യാസം, ഭാവം, ചലനമെന്നിവ

സാവകാശം, ശ്രദ്ധയോടെ നീങ്ങുക. ശബ്ദമുണ്ടാക്കുകയോ ദ്രുതഗതിയിൽ നടക്കുകയോ അരുത്. ആ ഇടത്തിൽ നടക്കേണ്ടതുണ്ടെങ്കിൽ, അരികിലൂടെ

നടക്കുക. മാസ്റ്ററുടെ ഇരിപ്പിടത്തിനു നേരെമുന്നിലോ, ശ്രീകോവിലിനു നേർക്കോ ഒരിക്കലും നടക്കരുത്. നിങ്ങളുടെ പിൻഭാഗം സ്വസ്ഥമായി, നിവർന്നിരിക്കട്ടെ. ഒരു പൂവിന്റെ തണ്ടുപോലെയാവണം അത് – നിവർന്ന്, എന്നാൽ വഴക്കത്തോടെ.

9. എവിടെയിരിക്കണം

ഇരിപ്പടം തേടി എവിടെപ്പോകണമെന്ന് ശ്രദ്ധാപൂർവ്വം ആലോചിക്കുക. മാസ്റ്ററിരിക്കുന്നതിനും ഉയരത്തിലോ, ഗർഭഗ്രഹത്തിനേക്കാൾ ഉയരത്തിലോ, നിങ്ങളെക്കാൾ കൂടുതൽ കാലമായി പരിശീലിക്കുന്നവർ ഇരിക്കുന്ന സ്ഥലത്തേക്കാൾ ഉയരത്തിലോ ഒരിക്കലുമിരിക്കരുത്. ധാരണയില്ലെങ്കിൽ, പിൻഭാഗത്തോ ഏതെങ്കിലുമൊരു വശത്തോ താഴ്ന്നായിടം തിരഞ്ഞെടുക്കുക. സ്ഥിരത ഉറപ്പാക്കുന്ന രീതിയിലിരിക്കുക, ഇടയ്ക്കിടെ മാറുന്നതൊഴിവാക്കി, അതേനില തുടരാം.

10. നിശബ്ദത എത്രത്തോളം ഗുണകരമായതാണ്

മറ്റാരെങ്കിലും നിങ്ങളോട് സംസാരിക്കുന്നെങ്കിൽ മാത്രം നിശബ്ദത കൈവിടുക. സംസാരിക്കാൻ വിഷയമില്ലാത്തതിനാൽ നിശബ്ദത പാലിക്കുന്നുവെന്നാകരുത്; തുറന്നുകിട്ടിയൊരു അവസ്ഥയാവണം അത്. മനസ്സുപോലും നിങ്ങളോട് സംവദിക്കുന്നത് ഒഴിവാക്കണം. സംസാരിക്കണമെങ്കിൽ, ആംഗ്യത്തോടെയോ അല്ലെങ്കിൽ താഴ്ന്ന ശബ്ദത്തിലോ ആവാം. ഒഴിവാക്കാനാവാത്ത, സുപ്രധാനമായ കാര്യങ്ങളിൽ മാത്രം സംവദിക്കുക.

11. ഹൃദയംഗമമായ ആശയവിനിമയം

മറ്റുള്ളവരോട് സംവദിക്കണമെങ്കിൽ, അത് ഹൃദയംഗമമായിരിക്കട്ടെ; ലാലാജി പറയുന്നതിപ്രകാരമാണ്. സ്നേഹവും ബഹുമാനവും നിറഞ്ഞ വാക്കുകളോടെ ഹൃദയപൂർവ്വം ഏവരും പരസ്പരം സംസാരിക്കണം. മൗനമായി സംവദിക്കുന്നതുപോലും ദൈവസ്മരണയുടെ സുഗന്ധമുള്ളതായിരിക്കണം. ആശയവിനിമയമൊരു പ്രാർത്ഥനപോലെയാവട്ടെ. ഹ്രസ്വമായതും, സത്യസന്ധമായതും ഉദ്ഗതിയുണ്ടാക്കുന്നതുമാവട്ടെ. ആശയവിനിമയം പരദൂഷണമോ, പരാതിയോ,നിരർത്ഥകമോ ആയി മാറാനനുവദിക്കരുത്. ഒരു വിശുദ്ധായിടത്തിൽ നടത്തുന്ന സംഭാഷണത്തിലെ ഓരോ വാക്കും ആ അന്തരീക്ഷത്തെ കൂടുതൽ പവിത്രമാക്കാനുതകുന്നതായിരിക്കണം, മലീമസമാക്കുന്നതാവരുത്.

12. ശ്രദ്ധയെവിടെയായിരിക്കണം

വണക്കത്തോടെ, മാസ്റ്ററിലോ അല്ലെങ്കിൽ പാവനമായ കേന്ദ്രത്തിലോ ആവട്ടെ നിങ്ങളുടെ ശ്രദ്ധ കേന്ദ്രീകൃതമാവുന്നത്. തുറിച്ചുനോട്ടമാവരുത്, മൃദുവായ, തുറന്നനിലയിലുള്ള അവബോധമാവണം അത്. ധ്യാനിക്കുകയല്ലെങ്കിൽ, നിങ്ങളുടെ മിഴിയിമകൾ താഴ്ന്നിരിക്കട്ടെ. മറ്റുള്ളവരെ തിരയേണ്ടതില്ല. കൂടാതെ, കെട്ടിടം, അലങ്കാരം തുടങ്ങിയ, ശ്രദ്ധയകറ്റുന്ന വിഷയങ്ങളിൽ മനസ്സ് വ്യാപൃതമാവാതിരിക്കാനും ശ്രമിക്കണം.

13. ധ്യാനനിമഗ്നമാവുന്ന അവസ്ഥ

ധ്യാനിക്കുവെന്ന് ആരെങ്കിലും നിങ്ങളോട് പ്രത്യേകമായി ആവശ്യപ്പെടാത്തപക്ഷം, (ധ്യാനിക്കുന്നതിനുപകരം) ധ്യാനാവസ്ഥയിൽ തുടരാൻ ശ്രമിക്കുക. നിർണ്ണായകമായ വ്യത്യാസം ഇതിനുണ്ട്. ആകാശത്തെ പ്രതിബിംബിപ്പിക്കാൻ തയാറായിരിക്കുന്ന ശാന്തമായൊരു തടാകം പോലെ, ധ്യാനാവസ്ഥയിലാവാൻ നിങ്ങൾക്ക് തുറന്ന, സ്വീകാര്യക്ഷമമായൊരു അവബോധമുണ്ടാവേണ്ടതുണ്ട്. മാസ്റ്ററുടെ നിർദ്ദേശപ്രകാരമോ അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച ധ്യാനസമയത്തോ മാത്രമേ നിങ്ങൾ ധ്യാനിക്കേണ്ടതുള്ളൂ.

മാസ്റ്ററോടൊപ്പമാവുമ്പോൾ, സൂര്യനെ അഭിമുഖീകരിക്കുന്നൊരു പുഷ്പം പോലെയാവണം നിങ്ങൾ; ശ്രമമേതുമില്ലാതെ. ഈ നിശ്ചലത, നമ്മിൽനിന്നും യാതൊരുവിധ തടസ്സങ്ങളോ ഇടപെടലുകളോ ഇല്ലാതെ പ്രവർത്തിക്കാൻ മാസ്റ്റർക്ക് സൗകര്യമൊരുക്കും. ആത്മീയ കസർത്തുകൾ ചെയ്യുകയല്ല നമ്മുടെ കർത്തവ്യം, മാസ്റ്റർക്കുമുൻപിൽ ഉണ്ടാവുക എന്നതാണ്. നമ്മളൊന്നും ചെയ്യാതിരിക്കുമ്പോഴാണ് ദിവ്യത്വത്തോട് തുറന്ന പ്രകൃതമുള്ളവരാവുന്നത്.

മാസ്റ്ററുടെ സന്നിധിയിൽ

14. മാസ്റ്ററോട് അടുപ്പമുള്ള അവസ്ഥ

മാസ്റ്ററെ കാണുവാൻ നിർദ്ദേശിക്കപ്പെട്ടാൽ, വിനയത്തോടെയും മാന്യമായും വേണം അദ്ദേഹത്തിനുമുന്നിൽ ചെല്ലുവാൻ. ആകാംക്ഷയോടെ ഓടിച്ചെല്ലരുത്, കൃത്രിമമായ എളിമ കാണിച്ചുകൊണ്ട് പുറകിലേക്ക് മാറേണ്ടതുമില്ല. വിശ്വാസത്തോടെ, ബഹുമാനത്തോടെ, തുറന്ന ഹൃദയവുമായി,

മാതാപിതാക്കളുടെ അടുത്തെത്തുന്നൊരു കുഞ്ഞിനെപോലെയാവണം നിങ്ങളെന്റെയരികിൽ വരേണ്ടത്.

15. വന്ദനം ചൊല്ലൽ

പരമ്പരാഗതമായ പ്രണാമമർപ്പിക്കൽ – കൈകൾ കൂപ്പി, വണങ്ങുന്ന രീതി – ഹൃദയത്തിൽനിന്നുമുയരേണ്ട ഒന്നാണ്, അതൊരു ശരീരചേഷ്ട മാത്രമാവരുത്. തലകുനിക്കുമ്പോൾ, നിങ്ങളുടെ അഹങ്കാരത്തെ മാനസികമായി, മാസ്റ്റർക്ക് സമർപ്പിക്കുക. എത്രത്തോളം തലകുനിയുന്നുവെന്നത് അപ്രസക്തം, എത്രത്തോളം ആത്മാർത്ഥത അതിലുണ്ട് എന്നതാണ് മുഖ്യം.

16. അനുഗ്രഹങ്ങൾ ലഭിക്കുന്നത്

അനുഗ്രഹങ്ങളോ സംപ്രേഷണമോ ലഭ്യമാവുന്നവേളയിൽ നിസ്സംഗത്വത്തോടെ, ജാഗ്രതാവസ്ഥയിലിരിക്കുക. ആത്മീയ ശക്തിയെ (ഊർജ്ജത്തെ) പിടിച്ചെടുക്കാനോ വലിച്ചെടുക്കാനോ ശ്രമിക്കരുത്. അതിനോട് മല്ലിടുകയുമരുത്. എന്തായാലും സ്വീകരിക്കാൻ തക്കവണ്ണം വൃത്തിയാക്കപ്പെട്ടൊരു പാത്രം പോലെയാവണം നമ്മൾ.

17. മാസ്റ്ററോട് സംസാരിക്കുന്നത്

മാസ്റ്റർ നിങ്ങളോട് സംസാരിക്കുമ്പോൾ സത്യസന്ധമായി, നേരിട്ട് വിഷയത്തിലേക്ക് വരുക. വാക്കുകൾ വൃഥാ ഉപയോഗിക്കരുത്. നിങ്ങളുടെ അറിവ് പ്രകടിപ്പിക്കുവാനോ മതിപ്പുളവാക്കാൻ ശ്രമിക്കാനോ ഉള്ള സമയമല്ല അത്. യഥാർത്ഥമായൊരു ആത്മീയ ആവശ്യം നിറവേറ്റാനായിരിക്കണം ചോദ്യങ്ങൾ ഉന്നയിക്കേണ്ടത്; ജിജ്ഞാസയാലോ പരീക്ഷിക്കുവാനുള്ള ആഗ്രഹത്താലോ ആവരുത്.

18. മാസ്റ്ററുടെ ശ്രദ്ധയെന്ന ഉപഹാരം

മാസ്റ്റർ നിങ്ങളെ നോക്കുന്നത്: നിങ്ങൾക്ക് സംഭവിക്കാവുന്ന ഏറ്റവും നല്ല കാര്യമായതിനെ കണക്കാക്കണം. കപടമായ വിനയത്താൽ നോട്ടം മാറ്റുകയോ, ആത്മവിശ്വാസപ്രകടനമായി അദ്ദേഹത്തെ ഉറ്റുനോക്കുകയോ അരുത്. ദിവ്യമായ ആ നോട്ടം നന്ദിപൂർവ്വം സ്വീകരിക്കുക, അത് നിങ്ങളുടെ ആന്തരീകാഴങ്ങളിലെത്തട്ടെ. നിശബ്ദതയുടെ ഒരു നിമിഷം, മണിക്കൂറുകൾ സംസാരിക്കുന്നതിനേക്കാൾ വിലമതിക്കുന്ന ഒന്നാണ്.

പ്രത്യേക പരിപാടികൾ

19. ഗ്രൂപ്പ് ധ്യാനം നടക്കുമ്പോൾ

ധ്യാനിക്കുമ്പോൾ പൂർണ്ണമായും സ്വസ്ഥമായിരിക്കുക (ഇളകാതിരിക്കുക). ഹാളിൽനിന്നും പുറത്തുപോകണമെങ്കിലോ അകത്തുവരുന്നതിനോ, സാധാരണയായുള്ള ബ്രേക്കിന് കാത്തിരിക്കുക. ആവശ്യമെങ്കിൽ, അവിടത്തെ ആത്മീയാന്തരീക്ഷത്തിന് ഭംഗം വരുന്നതൊഴിവാക്കാനായി, ഒരു നിഴൽപോലെ, ചുമരിനരികിലൂടെ നീങ്ങുക. നിങ്ങൾ മറ്റുള്ളവരോടൊപ്പം ധ്യാനിക്കുമ്പോൾ ഏകീകൃതമായൊരു നിലമൊരുക്കുകയാണെന്ന് ഓർക്കുക, നിങ്ങളുടെ അസ്വസ്ഥത എല്ലാവരെയും ബാധിക്കുമെന്നുമോർക്കുക.

20. കാഴ്ച്ചദ്രവ്യങ്ങൾ (നേർച്ച)

നിങ്ങൾ നേർച്ചകൾ നൽകുമ്പോൾ, ദൈവത്തിന്റേതായവ, ദൈവത്തിനുതന്നെ തിരിച്ചുനൽകുന്നുവെന്ന് സങ്കൽപ്പിക്കുക. ഉപഹാരം ലാളിത്യമുള്ളതാവണം, ഒപ്പം, ശുദ്ധിയുള്ളതുമാവണം. പകിട്ടുള്ളവയാകരുത്. അനാവശ്യമായ ഒച്ചപ്പാടുണ്ടാക്കാതെ, സാവകാശം അവ സമർപ്പിക്കുക. സമർപ്പണ മനോഭാവമാണ് അതിന്റെ വിലയേക്കാൾ മൂല്യവത്താകുന്നത്.

21. വിശുദ്ധമായ വസ്തുക്കൾ

അനുവാദമില്ലാതെ, വിശുദ്ധമായ ഗ്രന്ഥങ്ങൾ, വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവ ഒരിക്കലും തൊടരുത്. എപ്പോഴെങ്കിലും അവയുടെ സ്ഥാനം മാറ്റണമെങ്കിൽ, രണ്ടുകൈകളുമുപയോഗിച്ച്, അതിനെ മൊത്തത്തിൽ താങ്ങും വിധമായിരിക്കണം നീക്കേണ്ടത്. വിശുദ്ധഗ്രന്ഥങ്ങൾ ഒരിക്കലും നിലത്തോ വൃത്തിഹീനമായ ഇടങ്ങളിലോ വെയ്ക്കരുത്. മാസ്റ്ററുടെ ശരീരം പോലെ അവയെ വിലമതിക്കണം.

22. വ്യക്തിഗതമായി പ്രാധാന്യമുള്ളവ

നിങ്ങളുടേതായ ആത്മീയ ഡയറി അല്ലെങ്കിൽ ഗ്രന്ഥം പോലെയുള്ള വിശുദ്ധമായ വസ്തുക്കൾ കൊണ്ടുവരുമ്പോൾ, ഉപയോഗിക്കാത്ത സമയങ്ങളിൽ അവ ശുദ്ധമായ തുണിയിൽ പൊതിഞ്ഞുവെയ്ക്കുവാൻ ശ്രദ്ധിക്കണം. അവയെ പ്രദർശനവസ്തുവാക്കരുത്, അഭിമാനസ്തംഭങ്ങളാക്കുകയുമരുത്. ആത്മീയനിലയുടെ അടയാളങ്ങളല്ല; സ്മരണയ്ക്കായുള്ള ഉപകരണങ്ങൾ മാത്രമാണവ.

പരിശുദ്ധമായ അന്തരീക്ഷം നിലനിർത്തൽ

23. ഇന്ദ്രിയങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുക

തീവ്രഗന്ധമുള്ള സുഗന്ധദ്രവ്യങ്ങൾ, ശബ്ദമുണ്ടാക്കുന്ന ആഭരണങ്ങൾ, അല്ലെങ്കിൽ, മറ്റുള്ളവരുടെ ശ്രദ്ധയകറ്റുന്ന മറ്റെന്തെങ്കിലും വസ്തുക്കൾ ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ഫോൺ, ടാബ്ലറ്റ് തുടങ്ങിയവ നിശബ്ദമായിരിക്കണം. കഴിയുമെങ്കിൽ അവ ഹാളിനുപുറത്തുവെയ്ക്കുക. ദിവ്യതയിൽ നിങ്ങളുടെ മുഴുവൻ ശ്രദ്ധയുമർപ്പിക്കുവാനുള്ള സാഹചര്യമൊരുക്കുവാനാണ് പരിശുദ്ധയിടം ഒരുക്കിയിരിക്കുന്നത്.

24. വികാരപരമായി ശാന്തത പുലർത്തൽ

വിശുദ്ധയിടങ്ങളിൽ, ഭക്തിയുടെ ഉയർന്ന തലങ്ങളിൽ പലപ്പോഴും ആളുകൾ എത്തിപ്പെടാറുണ്ട്. ആഹ്ലാദത്താലുള്ള കണ്ണുനീരും, സന്തോഷത്തിരമാലകളും പുറത്തുകാണിക്കാതെ, ഉള്ളിൽത്തന്നെയിരിക്കട്ടെ. മറ്റുള്ളവരെ കാണിക്കേണ്ടതില്ല. അസുഖകരമായ അവസ്ഥയെങ്കിൽ, ശുദ്ധീകരണപ്രക്രിയയുടെ ഭാഗമെന്നുകരുതി ക്ഷമയോടെ കാത്തിരിക്കുക. നിങ്ങളുടെ ശാന്തത മറ്റുള്ളവരെയും ആ നിലയിൽ തുടരാൻ അനുവദിക്കും.

25. മറ്റുള്ളവരെ ബഹുമാനിക്കുക

ഓരോരുത്തരും തങ്ങളുടേതായ ആത്മീയപാതയിലാണെന്നോർക്കുക (യാത്ര). വിധികർത്താവാവുകയോ, താരതമ്യം നടത്തുകയോ, മറ്റുള്ളവരുടെ പരിശീലനത്തിൽ ഇടപെടുകയോ അരുത്. മര്യാദക്രമങ്ങൾ ആരെങ്കിലും

ലംഘിക്കുന്നുവെന്നു തോന്നിയാൽ, ആ സാഹചര്യം, ഉത്തരവാദിത്വമുള്ളവർ കൈകാര്യം ചെയ്യട്ടെ. നിങ്ങളുടെ പ്രവൃത്തിയിലും പ്രതികരണത്തിലും ശ്രദ്ധിക്കുക.

26. ബഹുമാനം, സ്നേഹം എന്നീ വിശുദ്ധ നിയമങ്ങൾ

ഓരോ വ്യക്തിയിലും ദിവ്യസ്പുലിംഗം ആന്തരീകമായുണ്ട് എന്നതിനാലാണ് അവരെല്ലാം അവിടെയുള്ളതെന്നും, അതിനാൽ നാമവരെ ബഹുമാനിക്കണമെന്നും മാസ്റ്റർമാർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അദ്ദേഹം സ്നേഹിക്കുന്ന ഏവരേയും നാം സ്നേഹിക്കണം; അദ്ദേഹം ഏവരേയും സ്നേഹിക്കുന്നുമുണ്ട്. ഏവരേയും സ്നേഹിക്കുന്ന അദ്ദേഹത്തെ സ്നേഹിക്കുക; സഹോദര്യത്തിലേക്കുള്ള വഴി ഇതാണ്. വിശുദ്ധായിടത്തിൽ, എല്ലാവരിലും മാസ്റ്ററെ കാണുവാൻ നാം പഠിക്കുന്നു.

27. വിമർശനമെന്ന വിഷത്തിൽനിന്നും അകന്നുനിൽക്കുക

വിശുദ്ധായിടങ്ങളിൽ വിമർശനത്തിനോ കുറ്റമാരോപിക്കുന്നതിനോ സ്ഥാനമില്ല. മറ്റേതൊരു തെറ്റായ പ്രവൃത്തിയേക്കാളും, ആത്മീയാന്തരീക്ഷം തകർക്കുന്നതിനും മോശമായ സംസ്കാരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് ഇടയാക്കും. നടത്തിപ്പിലുള്ള അപാകങ്ങൾ കണ്ടെത്തുകയാണെങ്കിൽ, മറ്റൊന്നും പറയാതെ, എഴുതിവെയ്ക്കുക മാത്രം ചെയ്യുക. പിന്നീട്, എഴുതി, അനുയോജ്യമായ മാർഗത്തിലൂടെ, ബഹുമാനപൂർവ്വം അയക്കുക. വിമർശനത്തെ സഹായകരമായ സേവനമാക്കി മാറ്റാൻ ഇത് സഹായിക്കും.

28. ശാന്തിയുണ്ടാക്കുക

നിങ്ങളുടെ സാന്നിദ്ധ്യം ആ സ്ഥലത്ത് കൂടുതൽ സമാധാനമുണ്ടാക്കണം. ഒരു ജലകണം സമുദ്രത്തിൽ ലയിക്കുന്നതുപോലെ, അവിടെയുള്ള ആത്മീയാന്തരീക്ഷവുമായി ഒന്നായിത്തീരണം. അവിടെ അഭിപ്രായഭിന്നതയുണ്ടെങ്കിൽ, സമാധാനം തിരിച്ചുകൊണ്ടുവരുവാൻ നിശബ്ദമായിരുന്ന് പ്രാർത്ഥിക്കുന്നവനായിരിക്കണം നിങ്ങൾ.

29. ആശയവിനിമയത്തിലെ പാവനമായ ക്രമം

മിഷൻ ഭാരവാഹികളോ മറ്റാരെങ്കിലുമോ സംസാരിക്കുമ്പോൾ, ആദ്യം നിങ്ങൾ പറയുന്നത് കേൾക്കുവാൻ ഒരിക്കലും അവരെ നിർബന്ധിക്കരുത്.

ഇത്തരത്തിലുള്ള നിർബന്ധം ദൈവദൂഷണമാണ്, കാരണം അത് അഹങ്കാരത്തെ ദൈവിക ക്രമത്തിന് മുകളിൽ പ്രതിഷ്ഠിക്കുന്നു. നിങ്ങളുടെ അവസരത്തിനായി ക്ഷമയോടെ കാത്തിരിക്കുക. സംഘടനയുടെ ആത്മീയാരോഗ്യത്തിന് നിങ്ങളുടെ പ്രശ്നം നിർണ്ണായകമാണെങ്കിൽ, അതിന്റേതായ സമയം അതിന് ലഭിക്കും. പവിത്രമായ ഇടം പ്രവർത്തിക്കുന്നത് നിങ്ങളുടെ സമയത്തല്ല. ദൈവത്തിന്റെ സമയത്താണ്. മുൻഗണന ആവശ്യപ്പെടുക എന്നതിനർത്ഥം നിങ്ങളുടെ അഹങ്കാരം ആത്മീയ ശ്രേണിയെക്കാൾ പ്രധാനമാണെന്ന് പറയലാണ്, അത് വളരെ തരംതാണ ഒരു ആത്മീയപിശകാണ്.

30. മറ്റുള്ളവരുടെ ആത്മീയാനുഭവങ്ങൾ ശ്രദ്ധിക്കുന്നത്

മറ്റൊരാൾക്ക് ആഴത്തിലുള്ള ആത്മീയാനുഭവം ഉള്ളതായി നിങ്ങൾ കണ്ടാൽ, അകലം പാലിച്ചുകൊണ്ട് ബഹുമാനം പ്രകടിപ്പിക്കുക. ദയവായി അവരെ തുറിച്ചു നോക്കുകയോ, ഇടപെടുകയോ, അവരോട് അതേക്കുറിച്ച് പിന്നീട് ചോദിക്കുകയോ ചെയ്യരുത്. ആത്മീയാനുഭവങ്ങൾ ആത്മാവും ദൈവവും തമ്മിലുള്ള സ്വകാര്യ സംഭാഷണങ്ങളാണ്. ജിജ്ഞാസയെ തൃപ്തിപ്പെടുത്തുക എന്നത് നിങ്ങളുടെ ജോലിയല്ല; നിശബ്ദ പിന്തുണയോടെ ഇരിക്കുക എന്നതാണ് നിങ്ങളുടെ ജോലി.

വിശുദ്ധമായ സ്ഥലം വിടുന്നത്

31. തിരിച്ചുപോക്ക്

പോകാനുള്ള സമയമാവുമ്പോൾ, ആ സ്ഥലത്തുനിന്നും സാവധാനം നിങ്ങളുടെ മനസ്സിനെ എടുത്തുമാറ്റുക. നിങ്ങൾക്ക് ലഭിച്ചതിനോട് മനസ്സിൽ നന്ദിയുണ്ടായിരിക്കുക, അതേക്കുറിച്ച് നിങ്ങൾക്ക് അവബോധമില്ലെങ്കിലും. വേണ്ടത്ര സമയമെടുത്തുകൊണ്ട് എഴുന്നേൽക്കുക.

32. സ്ഥലത്തുനിന്നും പോകുന്നത്

മാസ്റ്റർ സന്നിഹിതനായിരിക്കുമ്പോൾ, ഉത്തരവാദപ്പെട്ടവർ നിങ്ങളോട് പോകാൻ പറയുന്നതുവരെയോ, അല്ലെങ്കിൽ മീറ്റിങ് കഴിയുന്നതുവരെയോ കാത്തിരിക്കുക. പോകാൻ തുടങ്ങുമ്പോൾ, തിരിയുന്നതിനുമുമ്പ് കുറച്ച് പുറകോട്ട് നടക്കുക. ഇത് ദൂരത്തിരിക്കുമ്പോഴും നിങ്ങൾ തമ്മിലുള്ള ആന്തരീകബന്ധം ദൃഢമാക്കുന്നതിന് സഹായിക്കും. വാതിലിലെത്തുമ്പോൾ, ഒരിക്കൽ കൂടി പുറകോട്ട് തിരിഞ്ഞ് അവസാനമായി യാത്രപറയുക.

33. തിരിച്ച് പോകുമ്പോൾ

പുറത്തേക്ക് കാലെടുത്തുവെക്കുമ്പോൾ, പരിശുദ്ധമായ ആ അന്തരീക്ഷം നിങ്ങൾക്കുള്ളിൽ നിലനിർത്തുന്നതായി അറിയുക. നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ ആ വിശുദ്ധിയുടെ വികാരങ്ങൾ നിലനിർത്തുമെന്ന് പ്രതിജ്ഞയെടുക്കുക. ലോകത്തിൽ ആത്മീയ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറെടുക്കുന്നതുപോലെ, നിങ്ങളുടെ ഷൂസ് ശ്രദ്ധാപൂർവ്വം ധരിക്കുക.

അവർ തിരിച്ചുപോയതിന് ശേഷം

34. അത് സുരക്ഷിതമായി സൂക്ഷിക്കുക

ആ പുണ്യസ്ഥലം വിട്ടതിനുശേഷം കുറച്ചുനേരം ഉള്ളിൽ ശാന്തത പാലിക്കുക. ലൗകിക സംഭാഷണങ്ങളിലേക്കോ പ്രവർത്തനങ്ങളിലേക്കോ ഉടനടി എടുത്തുചാടരുത്. നിങ്ങൾ പോയതിനു ശേഷവും സൂക്ഷ്മമായ ആ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കും, വസ്ത്രങ്ങളിൽ തങ്ങിനിൽക്കുന്ന സുഗന്ധം പോലെ.

35. കാര്യങ്ങൾ ഒന്നിച്ച് ചേർക്കുമ്പോൾ

നിങ്ങൾക്ക് ലഭിച്ച അനുഭവങ്ങളെക്കുറിച്ചോ ഉൾക്കാഴ്ചകളെക്കുറിച്ചോ ചിന്തിക്കുക, പക്ഷേ അവയെക്കുറിച്ച് അമിതമായി ചിന്തിക്കരുത്. ബോധമനസ്സിനെക്കാൾ ആഴത്തിലുള്ള തലങ്ങളിൽ സംപ്രേഷണം പ്രവർത്തിക്കട്ടെ. പുണ്യസ്ഥലത്ത് സംഭവിക്കുന്ന കാര്യങ്ങൾ പലപ്പോഴും ഒരു പുഷ്പം പോലെ കാലക്രമേണ വളരുകയും പരിണമിക്കുകയും ചെയ്യും.

36. നിങ്ങളുടെ അനുഭവങ്ങളെക്കുറിച്ച് സംസാരിക്കുന്നത്

പാവനമായ സ്ഥലത്തുണ്ടാവുന്ന അനുഭവങ്ങളെക്കുറിച്ച് പങ്കുവെക്കുന്നത് വളരെ ശ്രദ്ധയോടെയായിരിക്കണം. പെട്ടെന്ന് സംസാരിക്കുന്നത് ആത്മീയോർജ്ജം നഷ്ടപ്പെടുന്നതിന് കാരണമാകാം. മറ്റൊരാളുടെ ആത്മീയയാത്രയ്ക്ക് ഉതകുമെങ്കിൽ മാത്രം പങ്കുവെക്കുക. അതുപോലെ, അതിന് അർഹിക്കുന്ന ആദരവ് നൽകുന്ന ആളുകളോട് മാത്രം പങ്കുവെക്കുക.

37. പാവനമായ സമയത്തെ ബഹുമാനിക്കുന്നത്

എല്ലായിപ്പോഴും നിശ്ചയിച്ച സമയത്തിന് പത്തുമിനിറ്റ് മുമ്പ് എത്തിച്ചേരുക. വൈകുകയാണെങ്കിൽ അതിനർത്ഥം, മാസ്റ്ററുടെയും, സംഘടനയുടെയും സമയത്തേക്കാൾ നിങ്ങളുടെ സമയത്തിന് നിങ്ങൾ കൂടുതൽ വിലമതിക്കുന്നുവെന്നാണ്. വിശുദ്ധ സമയം പതിവ് സമയം പോലെയല്ല; അത് ദൈവവുമായുള്ള ഒരു കൂടിക്കാഴ്ചയാണ്. നേരത്തെ എത്തുന്നത്, നിങ്ങൾക്കുള്ളിൽ

വേണ്ടത്ര തയ്യാറെടുക്കാനും, മറ്റുള്ളവരെ കൂടുതൽ തയ്യാറാക്കാൻ സഹായിക്കുവാനും വേണ്ടിയാണ്. നിങ്ങൾക്കതിന് കഴിയുന്നില്ലെങ്കിൽ, പ്രവേശിക്കാൻ മെച്ചപ്പെട്ട ഒരു അവസരത്തിനുവേണ്ടി കാത്തിരിക്കുക, അല്ലെങ്കിൽ കഴിയുന്നത്ര നിശബ്ദമായി സാധിക്കുന്നത് ചെയ്യുക. ആത്മീയ കാര്യങ്ങൾക്കായി കൃത്യസമയത്ത് എത്തുക എന്നത്, നിങ്ങളുടെ ആത്മാവ് പ്രിയപ്പെട്ടവനോടൊപ്പം സമയം ചിലവഴിക്കാൻ എത്രമാത്രം ആഗ്രഹിക്കുന്നുവെന്നാണ് സൂചിപ്പിക്കുന്നത്.

കൂടുതൽ പവിത്രമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ

38. പാവനമായ ഇടങ്ങളിൽ കുട്ടികളുടെ സാന്നിദ്ധ്യം

പുണ്യസ്ഥലങ്ങളിൽ കുട്ടികളെക്കൊണ്ടുവരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ആ സ്ഥലത്തിന്റെ പവിത്രതയെക്കുറിച്ച് കുട്ടികളെ മുൻകൂട്ടി ബോധ്യപ്പെടുത്തുക. അച്ചടക്കത്തോടെ ഇരിക്കാൻ കഴിയാത്ത കൊച്ചുകുട്ടികളെ പ്രത്യേക സ്ഥലങ്ങളിൽ ഇരുത്താൻ ശ്രദ്ധിക്കണം. ശരിയായ വിധത്തിൽ അവരെ ബോധവാന്മാരാക്കിയാൽ അവരുടെ നിഷ്ക്കളങ്കമായ സാന്നിദ്ധ്യം അത്തരം പവിത്രമായ ഇടങ്ങൾക്ക് കൂടുതൽ പവിത്രത നൽകും.

39. പവിത്രമായ ഇടങ്ങളിലെ സേവനം

ശുചീകരണം, സംഘാടനം, അല്ലെങ്കിൽ മറ്റു സഹായങ്ങൾ എന്നീ കാര്യങ്ങൾക്കുവേണ്ടി നിങ്ങൾക്ക് അവസരം ലഭിക്കുകയാണെങ്കിൽ, അത് ഒരു ആത്മീയ പരിശീലനമായി ചെയ്യുക. ഒരു വിശുദ്ധ സ്ഥലത്ത് സേവനം ചെയ്യുന്നത് പ്രത്യേകിച്ചും പ്രയോജനകരമാണ്. നിങ്ങളുടെ ജോലി നിശബ്ദമായും, ഉത്സാഹത്തോടെയും, ശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിക്കാതെയും ചെയ്യുക. പ്രവൃത്തികളിലൂടെ ആരാധനയ്ക്കുള്ള ഒരു മാർഗമാകട്ടെ നിങ്ങളുടെ സേവനം.

40. പതിവായി പങ്കെടുക്കുന്നവരുടെ കടമ

അത്തരം പുണ്യസ്ഥലങ്ങളിൽ പങ്കെടുക്കുന്ന ആളുകൾക്ക് എല്ലായിപ്പോഴും അവയുടെ വിശുദ്ധി നിലനിർത്താനുള്ള വലിയ ഉത്തരവാദിത്തമുണ്ട്. ആദ്യമായി വരുന്നവർ മറ്റുള്ളവരെ നിരീക്ഷിച്ചാണ് പഠിക്കുന്നത്. സ്വാഭാവികമായ രീതിയിൽ നല്ലൊരു മാതൃകയാവുക; നിങ്ങളുടെ ശാന്തമായ സാന്നിദ്ധ്യം മറ്റുള്ളവർക്ക് ആശ്വാസം പകരും.

പ്രധാനപ്പെട്ട അറിവ്

മേൽപറഞ്ഞ കാര്യങ്ങൾ വെറും ഔപചാരികത മാത്രമല്ലെന്ന് എല്ലായിപ്പോഴും ഓർക്കുക. നിങ്ങളുടെ ഹൃദയം തുറക്കുവാനുള്ള യഥാർത്ഥ കാര്യങ്ങളാണവ. ഓരോ ചലനവും, ഓരോ ആത്മസംയമനവും, ഓരോ ആദരവും ആത്മീയ സംപ്രേഷണത്തിനുള്ള വാതിലുകൾ തുറക്കുന്നു. നമുക്കുള്ളിലെ അനുഭൂതികൾക്കനുസരിച്ച് ആ പവിത്രമായ സ്ഥലം അനുരണനം ചെയ്യും; അല്ലാതെ, പുറത്ത് നാം കാണുന്ന വിഷയങ്ങൾ അല്ല.

ഏറ്റവും നല്ല പെരുമാറ്റം സ്നേഹമാണ്: മാസ്റ്ററോടുള്ള സ്നേഹം, ദിവ്യതയോടുള്ള സ്നേഹം, അവിടെ നടക്കുന്ന പാവനമായ പ്രവൃത്തിയോടുള്ള താൽപര്യം. അത്തരം സ്നേഹമുണ്ടെങ്കിൽ, ശരിയായ പ്രവൃത്തി സ്വാഭാവികമായി സംഭവിച്ചിരിക്കും; ഒരു നദി സമുദ്രത്തിലേക്കൊഴുകുന്നതുപോലെ.

പരിണാമത്തിനുവേണ്ട പ്രവൃത്തി, എല്ലായിപ്പോഴും, പവിത്രമായ സ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്ന് അത്തരം സ്ഥലങ്ങളിൽ എത്തിച്ചേരുന്നവർ അറിഞ്ഞിരിക്കണം. ഈ പുണ്യസ്ഥലങ്ങളിലെ വിശുദ്ധി എടുത്ത് കൊണ്ടുപോകുന്നതിനേക്കാൾ, അവയുടെ വിശുദ്ധി വർദ്ധിപ്പിക്കാൻ അവർക്ക് കഴിയട്ടെ.

"അവിടെ ചെയ്യുന്ന ആത്മീയ പ്രവർത്തനങ്ങളാണ് ആ സ്ഥലത്തെ യഥാർത്ഥത്തിൽ പവിത്രമാക്കുന്നത്. നമ്മുടെയും നമുക്ക് ശേഷം വരുന്നവരുടെയും വിശുദ്ധി നിലനിർത്തുന്നതിനുള്ള ഒരു മാർഗമാണ് ഇവിടെ നിർദ്ദേശിക്കുന്നത്."

ഈ നിർദ്ദേശങ്ങൾ നിങ്ങൾ വിവേകത്തോടെയും തുറന്ന മനസ്സോടെയും ഉപയോഗിക്കണം, ആത്മാവിനെ എപ്പോഴും എല്ലാത്തിനും മുകളിലായി പ്രതിഷ്ഠിക്കണം. ഏതൊരു നിയമത്തേക്കാളും മാസ്റ്റർമാരുടെ ഇച്ഛയ്ക്ക് മുൻഗണന നൽകിയിരിക്കണം. മര്യാദാലംഘനമായി ചില സാഹചര്യത്തിൽ തോന്നുന്നത്, യഥാർത്ഥത്തിൽ ദൈവഹിതം പ്രവർത്തിക്കുന്നതാകും. എപ്പോഴും ജാഗരൂകരായിരിക്കുക, വിനയാന്വിതനാകുക, ഹൃദയം തുറന്നിരിക്കുക.

ഏറ്റവും പവിത്രമായ സ്ഥലമാണ് ഹൃദയം. എല്ലാ ബാഹ്യാചാരങ്ങളും യഥാർത്ഥ ഗുരു വസിക്കുന്ന നമുക്കുള്ളിലെ ഈ ശ്രീകോവിലിനെ എന്നെന്നേക്കും, പവിത്രമായി നിലനിർത്തുന്നതിനുള്ള പരിശീലനമാണ്.

യഥാർത്ഥ അഭ്യാസി

ബാബുജിയുടെ ശിക്ഷണമനുസരിച്ച് അവശ്യം വേണ്ട സ്വഭാവസവിശേഷതകൾ

ബാബുജിയുടെ ശിക്ഷണമനുസരിച്ച്, ശ്രീ രാം ചന്ദ്ര മിഷനിലെ ഒരു യഥാർത്ഥ അംഗം (അഭ്യാസി) താഴെപ്പറയുന്ന സ്വഭാവസവിശേഷതകൾ ഉള്ളവനായിരിക്കണം:

1. ആത്മാർത്ഥമായ പ്രതിബദ്ധതയും കൃത്യമായ പരിശീലനവും

- ആത്മാർത്ഥതയോടെയും, സത്യസന്ധമായും, സമർപ്പണത്തോടെയും പരിശീലിക്കുന്ന ഒരുവൻ.
- ധ്യാനത്തിൽ കൃത്യത പാലിക്കുകയും നിർദ്ദേശിച്ച രീതി പിന്തുടരുകയും ചെയ്യുന്നു.
- ഏറ്റവും ഉയർന്ന ആത്മീയ ലക്ഷ്യം കൈവരിക്കാൻ വേണ്ടത്ര പ്രതിജ്ഞാബദ്ധൻ.

2. തത്വങ്ങൾ അനുസരിച്ച് ജീവിക്കുക

- ഗുരുവിന്റെ തത്വങ്ങൾ അനുസരിച്ച് ജീവിക്കുകയും നിർദ്ദേശങ്ങൾ അനുസരിക്കുകയും ചെയ്യുന്നു.
- ഉന്നത ഗുണങ്ങൾ നിലനിർത്തുകയും സ്വയം മെച്ചപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു.
- മറ്റുള്ളവരോടുള്ള സ്വീകാര്യത, വിമർശനസ്വഭാവമില്ലാതിരിക്കുക, സ്വയം തന്നോട് കർശനമായ പെരുമാറ്റം.

3. വിനയവും ലാളിത്യവും

- വിനയം ഒരു മുൻഗണനയായി വളർത്തിയെടുക്കുക.
- വ്യക്തവും, ലളിതവും, ഞാനെന്ന ഭാവമില്ലാതെയും ഇരിക്കുക.
- സ്വയം പ്രാധാന്യത്തെക്കുറിച്ചോ, അഹങ്കാരത്തെക്കുറിച്ചോ യാതൊരു ധാരണയുമില്ലാതിരിക്കുക.

4. ഉദ്ദേശ്യത്തിലെ വ്യക്തത

- ആത്മീയ വളർച്ചയ്ക്കും പരിണാമത്തിനും വേണ്ടിയാണ് ഈ പരിശീലനം എന്ന് അറിയുക.
- രാഷ്ട്രീയം, പണം, അല്ലെങ്കിൽ മറ്റ് ലൗകിക പ്രേരണകൾ എന്നിവയാൽ വഴിതെറ്റപ്പെടാതിരിക്കുക.
- ആത്മീയ വളർച്ചയ്ക്ക് വ്യക്തിപരമായ പരിശ്രമം ആവശ്യമാണെന്ന് മനസ്സിലാക്കുക.

5. സ്നേഹവും സമർപ്പണവും

- മാസ്റ്ററോടും പരിശീലനത്തോടും ആത്മാർത്ഥമായ സ്നേഹമുണ്ടായിരിക്കുക.
- ദൈവിക മാർഗനിർദേശത്തോടുള്ള അനുസരണയും സമർപ്പണവും ഉണ്ടായിരിക്കുക.
- അവർ സംപ്രേഷണത്തിന് സ്വയം സ്വീകാര്യതയുള്ളവരായി മാറുന്നു.

6. വ്യക്തിപരമായ ഉത്തരവാദിത്തം

- തങ്ങളുടെ ആത്മീയവിധി തങ്ങളുടെ തന്നെ കൈകളിലാണ് എന്ന് മനസ്സിലാക്കുന്നു.
- സ്വയം മെച്ചപ്പെടുത്തലിനായി നിരന്തരം പരിശ്രമിക്കുന്നു.
- നിരന്തരമായ ആത്മപരിശോധനയിലും ആത്മാന്വേഷണത്തിലും ഏർപ്പെടുന്നു.

"ആത്മാർത്ഥത, കൃത്യമായ പരിശീലനം, വിനയം, ആത്മീയ പരിണാമത്തോടുള്ള യഥാർത്ഥ പ്രതിബദ്ധത എന്നിവയിലാണ് കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്; അല്ലാതെ മിഷന്റെ ഏതെങ്കിലും ബാഹ്യ നേട്ടങ്ങൾക്കോ സ്ഥാനങ്ങൾക്കോ അല്ല."

ഹൃദയത്തിൽ ആത്മാർത്ഥതയും, പെരുമാറ്റത്തിൽ ലാളിത്യവും, ദൈവഹിതത്തിന് കീഴടങ്ങിയും ആണ് ഒരു യഥാർത്ഥ അഭ്യാസി ഈ പാതയിൽ ചരിക്കുന്നത്.

ഈ പവിത്രമായ യാത്രയിൽ, പുരോഗതിയുടെ അളവ്, ബാഹ്യമായ അംഗീകാരത്തിലല്ല, മറിച്ച് ആന്തരിക പരിവർത്തനത്തിന്റെ ആഴത്തിലാണ് നിലകൊള്ളുന്നത്.